## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :4094 — 21.07.2015-ലെ മറുപടിക്ക്

### മിൽമയുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.പുരുഷൻ കടലുണ്ടി : | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിതരണം നടത്തുന്നതിനാവശ്യമായ പാൽ ക്ഷീരകർഷകരിൽ നിന്നും മിൽമയ്ക്ക് സംഭരിക്കാൻ കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ അന്യസംസ്ഥാനത്തു നിന്നും പാൽ ഇറക്കുമതി ചെയ്യുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാണോ ; | (എ) | ഇല്ല. ഇപ്പോൾ മിൽമ അന്യസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിലെ സഹകരണ ക്ഷീരഫെഡറേഷനിലെ ഡയറികളിൽ നിന്നുമാണ് പാൽ കൊണ്ടുവരുന്നത്. ഇപ്രകാരം പ്രതിദിനം തമിഴ്നാട്ടിൽ നിന്നും 60,000 ലിറ്ററും കർണ്ണാടകത്തിൽ നിന്നും 78000 ലിറ്റർ പാലുമാണ് ഇപ്പോൾ ഇറക്കുമതി ചെയ്യുന്നത്. |
| (ബി) | മിൽമ വൻതോതിൽ പാൽ ഇറക്കുമതി ചെയ്യുന്നതിനാൽ കർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യം അനധികൃതമായി മിൽമ തട്ടിയെടുക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (ബി) | കേരളത്തിലെ ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിൽ നിന്നും പ്രാദേശിക വില്പനയ്ക്ക് ശേഷമുള്ള മുഴുവൻ പാലും മിൽമ മേഖലാ യൂണിയനുകൾ വഴി സംഭരിക്കുന്നുണ്ട്. ഇപ്രകാരം സംസ്ഥാനത്തിനകത്തു നിന്നും സംഭരിക്കുന്ന പാൽ വിപണനത്തിനു തികയാതെ വരുന്ന സാഹചര്യത്തിൽ ഈ അന്തരം നികത്തുന്നതിനു വേണ്ടി മാത്രമാണ് പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നത്. ഇപ്രകാരം പാൽ വാങ്ങി വിൽക്കുമ്പോൾ കർഷകർക്ക് ലഭിക്കേണ്ട ഒരു ആനുകൂല്യവും നഷ്ടപ്പെടുന്നില്ല. മാത്രമല്ല, ഇതിൽ ലാഭം ഉണ്ടായാൽ മിൽമയുടെ മേഖലാ യൂണിയനുകൾ വിവിധ പദ്ധതികളിലൂടെ അത് ക്ഷീരകർഷകർക്ക് തന്നെ നല്കുകയാണ് ചെയ്യുന്നത്. |
| (സി) | അന്യസംസ്ഥനത്ത് നിന്നും ഇറക്കുമതി ചെയ്യുന്ന പാൽ എന്ത് വിലയ്ക്കാണ് മിൽമ വാങ്ങുന്നത് എന്നറിയിക്കാമോ ?. | (സി) | കർണ്ണാടക ക്ഷീരസഹകരണ ഫെഡറേഷനിൽ നിന്നും Raw Chilled milk ന് Rs.27.50/Kg (3.5% കൊഴുപ്പും 8.5% ഖരപദാർത്ഥങ്ങളും) സ്കിമ്മ്ഡ് മിൽക്കിന് Rs.22.25/Kg. രൂപയ്ക്കുമാണ് പാൽ ഇറക്കുമതി ചെയ്യുന്നത്. മിൽമയോ കർണ്ണാടക ക്ഷീരസഹകരണ ഫെഡറേഷനോ ആവശ്യ- |

പ്പെടുന്ന ഘട്ടങ്ങളിൽ ഈ വില പുതുക്കി നിശ്ചയിക്കുന്നു.

തമിഴ്നാട് ക്ഷീരസഹകരണ ഫെഡറേഷനിൽ നിന്നും Raw Chilled milk ന് Rs.229.00/Kg TS (ആകെയുള്ള ഖരപദാർത്ഥങ്ങൾക്ക്), സ്കിമ്മ്ഡ് മിൽക്കിന് Rs.218.00/Kg TS (ആകെയുള്ള ഖരപദാർത്ഥങ്ങൾക്ക്) ആണ് നല്കുന്നത്. മിൽമയോ തമിഴ്നാട് ക്ഷീരസഹകരണ ഫെഡറേഷനോ ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ ഈ വില പുതുക്കി നിശ്ചയിക്കുന്നു.

മേൽ കാണിച്ചിരിക്കുന്ന വിലയ്ക്ക് പുറമെ അന്യസംസ്ഥാനങ്ങളിലെ ഡയറികളിൽ നിന്നും കേരളത്തിൽ പാൽ എത്തിക്കുന്നതിനുള്ള കടത്തുകൂലിയും മിൽമ വഹിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ